"ഭരണഭാഷ- മാതൃഭാഷ"

## കേരള സർക്കാർ

### സംഗ്രഹം

സഹകരണ വകുപ്പ് - എഴുമറ്റൂർ സർവ്വീസ് സഹകരണ ബാങ്ക് ലി.നം.1546 ന് എൻ.സി.ഡി.സി ധനസഹായത്തിന്റെ രണ്ടാം ഗഡു തുക അനുവദിയ്ക്കുന്നതിലേക്കായി ഭരണാനുമതി പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### സഹകരണ (ബി) വകുപ്പ്

**സ.ഉ.(സാധാ) നം.483/2025/Co-Op** തീയതി, തിരുവനന്തപുരം, **05-11-2025**

---

പരാമർശം:-

1. **17/02/2015** ലെ എൻ സി ഡി സി **59/6/2014/**(റ്റി വി എം) **257/**എസ് എ **40151** നം. കത്ത്.
2. സ.ഉ.(സാധാ)നം.**512/2024/**സഹ തീയതി **10/10/2024**
3. സഹകരണ സംഘം രജിസ്ട്രാറുടെ **02/07/2025** ലെ പി &എം എ **(3) 5244/2025** നം കത്ത്.

### ഉത്തരവ്

എഴുമറ്റൂർ സർവ്വീസ് സഹകരണ ബാങ്ക് ലി.നം. **1546** ന് ഹെഡ് ഓഫീസ് കെട്ടിട വിപുലീകരണത്തിനും മറ്റ് അടിസ്ഥാന സൗകര്യ വികസനത്തിനുമായി പരാമർശം **(1)** പ്രകാരം അനുമതി ലഭിച്ച എൻ.സി.ഡി.സി. ധനസഹായത്തിന്റെ രണ്ടാം ഗഡുവായ **20.455** ലക്ഷം രൂപ **2024-2025** സാമ്പത്തിക വർഷം അനുവദിക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു. എന്നാൽ, തുക റിലീസ് ചെയ്ത് നല്കുവാൻ സാധിച്ചിരുന്നില്ല. എഴുമറ്റൂർ സർവ്വീസ് സഹകരണ ബാങ്ക് നം. **1546** ന് അനുമതി ലഭിച്ച എൻ സി ഡി സി ധനസഹായത്തിന്റെ രണ്ടാം ഗഡുവായ **20.455** ലക്ഷം രൂപ (ഇരുപത് ലക്ഷത്തി നാൽപ്പത്തയ്യായിരത്തി അഞ്ഞൂറ് രൂപ മാത്രം) (ഓഹരി **4425-108-42-34-3 – 7.115** ലക്ഷം രൂപ, വായ്പ – **6425-108-19 13.34** ലക്ഷം രൂപ) **2025-2026** സാമ്പത്തിക വർഷത്തിൽ അനുവദിക്കുന്നതിനുള്ള പുതുക്കിയ ഭരണാനുമതിയും, റിലീസ് അനുമതിയും നൽകണമെന്ന് പരാമർശം **(3)** പ്രകാരം

സഹകരണ സംഘം രജിസ്ട്രാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എഴുമറ്റൂർ സർവ്വീസ് സഹകരണ ബാങ്ക് നം. **1546** ന് അനുമതി ലഭിച്ച എൻ സി ഡി സി ധനസഹായത്തിന്റെ രണ്ടാം ഗഡുവായ **20.455** ലക്ഷം രൂപ (ഇരുപത് ലക്ഷത്തി നാൽപ്പത്തയ്യായിരത്തി അഞ്ഞൂറ് രൂപ മാത്രം) (ഓഹരി - **4425-108-42-34-3, 7.115** ലക്ഷം രൂപ, വായ്പ – **6425-108-19, 13.34** ലക്ഷം രൂപ) **2025-2026** സാമ്പത്തിക വർഷത്തിൽ അനുവദിക്കുന്നതിനുള്ള പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അജി ഫിലിപ്പ്

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി ) വകുപ്പ് (അഗ്രി സി**1/157/2024/**ധന)

വെബ് & ന്യൂ മീഡിയ, കരുതൽ ഫയൽ (ബി**3/164/2025/**സഹ)

ഉത്തരവിൻ പ്രകാരം

Signed by

Priyanka T V

Date: 06-11-2025 10:00:26

സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.